പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2044 22.01.2014 ൽ മറുപടിക്ക്

**കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എം. ഡി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം: | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പദ്ധതിയുടെ മാനേജിംഗ് ഡയറക്ടറായി ശ്രീ. ജി. ചന്ദ്രമൗലി എന്നയാളെ നിയമിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി ചീഫ് സെക്രട്ടറി തയ്യാറാക്കിയ പാനലിൽ ആരൊക്കെ ഉണ്ടായിരുന്നു; ഇതിൽ ശ്രീ. ജി. ചന്ദ്രമൗലി ഉണ്ടായിരുന്നുവോ; | (ബി) | ഇതിനായി ചീഫ് സെക്രട്ടറി പാനൽ തയ്യാറാക്കിയിട്ടില്ല. |
| (സി) | എം.ഡി. നിയമനത്തിനായി ആരുടെ സേവനമാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ വിട്ടു നൽകിയിരുന്നത്; | (സി) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ ശ്രീ. ജി. ചന്ദ്രമൗലിയുടെ സേവനം കിയാലിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കാനായി വിട്ടു നല്കിയ പ്രകാരമാണ് അദ്ദേഹത്തെ കിയാലിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്. |
| (ഡി) | എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ തീരുമാനിച്ചതും ചീഫ് സെക്രട്ടറിയുടെ പാനലിൽ ഉൾപ്പെട്ടതും മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെട്ടതുമായ ശ്രീ. ജി. ചന്ദ്രമൗലി ഒരേ ആൾ തന്നെയാണോ; ഇത് സംബന്ധമായി ദിനപത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാന സർക്കാരാണ് ശ്രീ. ജി. ചന്ദ്രമൗലിയെ കിയാലിന്റെ മാനേജിംഗ് ഡയറക്ടറായി എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നിയമിച്ചത്. എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ നല്കിയ പാനലിൽ ശ്രീ. ജി. ചന്ദ്രമൗലി ഉൾപ്പെട്ടിരുന്നില്ല. ചീഫ് സെക്രട്ടറി ഇതിനായി പാനൽ തയ്യാറാക്കിയിരുന്നില്ല. ഇതു സംബന്ധമായി ദിനപത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ